# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2121 17.06.2014-ലെ മറുപടിക്ക്**

**<u>സംസ്ഥാനത്തിന്റെ ധനസ്ഥിതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ധനസ്ഥിതി തൃപ്തികരമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി പൊതുവെ തൃപ്തികരമാണ്. |
| (ബി) | നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു സാമ്പത്തിക പ്രതിസന്ധി സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ; | നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ റവന്യൂ വരുമാനം വർദ്ധിക്കാതിരുന്നാൽ, അധിക വിഭവ സമാഹരണമുണ്ടായില്ലെങ്കിൽ സാമ്പത്തിക ഞെരുക്കം ഉണ്ടാകാനുള്ള സാദ്ധ്യത ഉണ്ടെന്ന് ധനവകുപ്പ് വിലയിരുത്തിയിട്ടുണ്ട്. |
| (സി) | നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ? | നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും, നികുതി-നികുതിയേതര ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനും 11.10.2013 ലെ സ.ഉ. (പി) നം. 515/2013/ധന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 28.04.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 151 പ്രകാരം അധിക വിഭവ സമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ചെയർമാൻ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ മെമ്പർമാരുമായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്നമുറയ്ക്ക് അത് സംബന്ധിച്ച തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ